LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ടെക്നോപാർക്കിലെ തൊഴിൽ വ്യവസ്ഥകൾ

47 [479] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്കിലെ വിവിധ സ്ഥാപനങ്ങളിൽ പണി യെടുക്കുന്നവർക്ക് സംസ്ഥാനത്തെ തൊഴിൽ നിയമങ്ങൾ അനുശാസിക്കുന്ന പരിരക്ഷ ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ടെക്നോപാർക്കിൽ ഏതെങ്കിലും കമ്പനികൾ തൊഴിൽ നിയമങ്ങൾക്കെ തിരായി പ്രവർത്തിക്കുന്നതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവ യുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) കേരളത്തിൽ സംസ്ഥാന സർക്കാരിന്റെ തൊഴിൽ നിയമങ്ങൾ ബാധക മാകാത്ത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും മേഖലകൾ ഏതെല്ലാമാണെന്നും അറിയി ക്കുമോ?

ഉത്തരം

(എ) ടെക്നോപാർക്കിലെ വിവിധ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സംസ്ഥാനത്തെ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള പരിരക്ഷയ്ക്ക് അർഹതയുണ്ട്. പരിരക്ഷ ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ പരിശോധന നടത്തുവാനുള്ള സംവിധാനം നിലവിലുണ്ട്. ഏതെങ്കിലും തൊഴിൽ തർക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ 1947-ലെ തൊഴിൽതർക്ക നിയമ പ്രകാരം അനുരഞ്ജന ഉദ്യോഗസ്ഥൻമാർ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(ബി) ഉണ്ട്. ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന ടൊറോയിഡ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും നാലു തൊഴിലാളികളെ പിരിച്ചു വിട്ടത് സംബന്ധിച്ച് ടൊറോയിഡ് എംപ്ലോയീസ് അസോസിയേഷൻ പരാതി സമർപ്പി ച്ചിരുന്നു. ഇതു സംബന്ധിച്ച അനുരഞ്ജന ചർച്ച പരാജയപ്പെട്ടതിനാൽ തർക്കം കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ തീർപ്പിന് വിട്ടിരിക്കുകയാണ്.

(സി) തൊഴിലാളി-തൊഴിലുടമാ ബന്ധം നിലവിലുള്ള എല്ലാ സ്ഥാപനങ്ങ ളിലും മേഖലകളിലും അവയുമായി ബന്ധപ്പെട്ട തൊഴിൽ നിയമങ്ങൾ ബാധകമാണ്. എന്നാൽ തൊഴിലാളി-തൊഴിലുടമാ ബന്ധം ഇല്ലാത്ത ചില അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ലഭിക്കുന്നില്ല.